1. യേശുവോടു ചേർന്നിരിപ്പതെത്ര മോദമേ
യേശുവിന്നായ് ജീവിക്കുന്നതെത്ര ഭാഗ്യമേ
ആശ തന്നോടെന്നുമെന്നിൽ വർദ്ധീടുന്നേ
ആശു തന്റെ കൂടെ വാഴാൻ
കാംക്ഷിച്ചീടുന്നേ യേശു

2. പോക്കിയെന്റെ ശാപമെല്ലാം തന്റെ യാഗത്താൽ
നീക്കിയെന്റെ ശാപമെല്ലാം താൻ വഹിച്ചതാൽ
ഓർക്കുന്തോറും സ്നേഹമെന്നിൽ വർദ്ധിച്ചീടുന്നേ
പാർക്കുന്നേ തൻ കൂടെ വാഴാൻ
എന്നു സാദ്ധ്യമൊ... യേശു

3. ശ്രേഷ്ഠമേറും നാട്ടിലെന്റെ വാസമൊക്കുവാൻ
ശോഭയേറും വീടെനിക്കൊരുക്കിടുവാൻ
കൈകളാൽ തീർക്കാത്ത നിത്യപാർപ്പിടം തന്നിൽ
വാണിടുന്ന നാളിനായ്
ഞാൻ നോക്കിപ്പാർക്കുന്നേ... യേശു

4. എന്നുതീരുമെന്റെ കഷ്ടം ഇന്നീമന്നിലെ
അന്നുമാറുമെന്റെ ദുഃഖം നിശ്ചയം തന്നെ
അന്നു തന്റെ ശുദ്ധരൊത്തു പാടി ആർക്കുമേ
എന്നെനിക്കു സാദ്ധ്യമോ
മഹൽ സമ്മേളനം ...യേശു

5. നല്ലവനെ വല്ലഭനെ പൊന്നു കാന്തനെ
അല്ലൽ തീർപ്പാനെന്നു വന്നു ചേർത്തിടുമെന്നെ
തുല്യമില്ലാ മോദത്തോടെ വീണകളേന്തി
ഹല്ലേലുയ്യാ! ഗാനം പാടി
വാണിടുവാനായ് ...യേശു

1. Yeshuvodu chernirippathethra modhame
Yeshuvinnai jeevikkunnathetra bhaagyame
Aasha thannodennumennil vardhicheedunne
Aashu thante koode vaazhaan
kamshicheedunne ...Yeshu

2. Pokkiyente paapamellaam thante yaagathal
Neekkiyente shaapamellam thaan vahichathal
Orkumdhorum snehamennil vardhicheedunne
Parkunne than koode vaazhaan ennu
saadhyamo... Yeshu

3. Sreshtamerum naattilente vaasamaakkuvaan
Shobhayerum veedenikkorukkidunnavan
Kaikalaltheerkkaatha nithyapaarppidam thannil
Vannidunna nalinainjaan nokkipparkunne
...Yeshu

4. Ennutheerumente kashtam inneemannile
Annumarumente dhukkamnichayam thanne
Annu thante shudharothu padiarkkume
Ennenikku sadhyamo mahal sammelanam... Yeshu

5. Nallavane vallabhane ponnukandhane
Allel theerkanennu vannu cherthidumenne
Thulyamilla modhathode veenakalendhi
Halleluiah gaanam padi vaniduvanai
Yeshu